# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.259 — 28.10.2019 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെയാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലുൾപ്പെട്ട ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ; | (ബി) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലുൾപ്പെട്ട ചെറുതാഴം പി.എച്ച്.സി.യെ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി. ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.<br>2018-2019 ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് തറ, കല്ല്യാശ്ശേരി, മാട്ടൂൽ, കഞ്ഞിമംഗലം, പട്ടുവം, ചെറുകുന്ന് പുന്നച്ചേരി, കടന്നപ്പള്ളി, പുതിയങ്ങായി (ഫിഷറീസ്) എന്നീ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണപുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ ? | (സി) | 2018-2019-ലെ ചെറുകുന്ന് തറ, കല്ല്യാശ്ശേരി, കഞ്ഞിമംഗലം, മാട്ടൂൽ, പട്ടുവം എന്നീ കേന്ദ്രങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ചെറുകുന്ന് പുന്നച്ചേരിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഡി.പി.ആർ.തയ്യാറാക്കിയതിനുശേഷം നിർമ്മാണം ആരംഭിക്കുന്നതാണ്. കടന്നപ്പള്ളി പി.എച്ച്.സി.യിൽ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ആയത് ആരംഭിക്കുന്നതാണ്. പുതിയങ്ങാടി (ഫിഷറീസ്)യിൽ ഡി.പി.ആർ തയ്യാറാക്കിയതിനു ശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ